**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1334** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവീസുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി ബസ് സർവീസുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലൂടെ വിവിധ യൂണിറ്റുകളിൽ നിന്നും നിലവിലുള്ള സർവീസുകൾക്ക് പുറമെ ടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**(ബി)** 2020 ന് ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഏതെങ്കിലും കെ.എസ്.ആർ.ടി.സി ബസ് സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പുന:സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** കാസർഗോഡ്, പയ്യന്നൂർ യൂണിറ്റുകളിൽ നിന്നും കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലേയ്ക്കുള്ള സർവീസുകളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല.

കാഞ്ഞങ്ങാട് യൂണിറ്റിൽ നിന്നും 08.00 മണി കാഞ്ഞങ്ങാട് - രാവണേശ്വരം സർവീസ് യാത്രക്കാരുടെ കുറവുമൂലം നിർത്തിവയ്ക്കുകയും പ്രസ്തുത ഷെഡ്യൂളിന്റെ കാഞ്ഞങ്ങാട്-ചന്ദ്രഗിരി-കാസർഗോഡ് ട്രിപ്പുകൾ മറ്റ് സർവീസുകളിൽ ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്തുവരുന്നുമുണ്ട്.

ഇതര ട്രിപ്പുകൾ നിലവിലെ സാഹചര്യം പരിശോധിച്ച് യാത്രക്കാരുടെ ലഭ്യതയും വരുമാന ലഭ്യതയും ഉറപ്പുവരുത്തി പുനരാരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**